**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**പോലീസുകാരുടെ പോസ്റ്റൽ ബാലറ്റ്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 122 28/5/2019-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 2019 ഏപ്രിൽ മാസത്തിൽ നടന്ന ലോക് സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനത്തെ ഓരോ പോലീസ് ഉദ്യോഗസ്ഥനും ഹോം ഗാർഡും ഏത് മണ്ഡലത്തിലാണ് വോട്ടു ചെയ്യുന്നതെന്ന് അറിയിക്കണമെന്ന് ജില്ലാ പോലീസ് മേധാവികൾ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) & (ബി) | ഇലക്ഷൻ കമ്മീഷന്റെ റിട്ടേണിംഗ് ഓഫീസർമാർക്കുള്ള Hand Book-ൽ ഖണ്ഡിക 11.12.3 (b) പ്രകാരം തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെയും ഹോം ഗാർഡുമാരുടെയും Data Base തയ്യാറാക്കേണ്ടതായുണ്ട്. ആയത് പ്രകാരം Data Base-ൽ മേൽപ്പറയുന്ന ഉദ്യോഗസ്ഥരുടെ പേര്, ജനറൽ നമ്പർ, അസംബ്ലി മണ്ഡലത്തിന്റെ വിവരങ്ങൾ, വോട്ടർ പട്ടികയിലെ സീരിയൽ നമ്പർ, പാർട്ട് നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ സാഹചര്യവും ആവശ്യവും എന്താണെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | പോലീസുകാരുടെ പോസ്റ്റൽ ബാലറ്റ് പോലീസ് സേനയിലെ ചിലർ ഭീഷണിപ്പെടുത്തി കൈവശപ്പെടുത്തിയതായി സർക്കാരിനോ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്കോ പരാതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് ഐ.ആർ. ബറ്റാലിയനിലെ കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെതിരെ ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f) & (g) of Representation of People Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. |
| (ഡി) | ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?; | (ഡി) | ഇത് സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളും അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ